"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പൽ സ്ഥാനക്കയറ്റം ലഭിച്ചതും HSST (Sr.) തസ്തികകളിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ സ്കൂൾ അനുവദിക്കാതിരുന്നതുമായ HM/AEO കാറ്റഗറിയിലെ അഞ്ച് അദ്ധ്യാപകർക്ക് പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3869/2026/GEDN തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. 15/03/2026-ലെ G.O. (Rt) N0. 2286/2026/GEDN ഉത്തരവ്.
2. 22/04/2026-ലെ G.O. (Rt) No. 2796/2026/GEDN ഉത്തരവ്.
3. 06.06.2026-ലെ സ.ഉ.(സാധാ) നം.3814/2026/GEDN ഉത്തരവ്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/06/2026-ലെ എച്ച്.എസ്.ഇ-2543/2025-Ad.D3-Part(2) - എഡി.ഡി3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം HSST കാറ്റഗറിയിലെ 77 പേർക്കും HM/AEO കാറ്റഗറിയിലെ 36 പേർക്കും പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു. ടി ഉത്തരവിൽ HM/AEO കാറ്റഗറിയിലെ 17 പേർക്ക് പ്രൊമോഷൻ നൽകിയിരുന്നെങ്കിലും ടിയാളുകളുടെ വിഷയത്തിൽ HSST(Sr) തസ്തികകളിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ സ്കൂൾ അനുവദിച്ചിരുന്നില്ല. HSST(Sr) തസ്തികയിൽ മാർച്ച്, എപ്രിൽ, മെയ് മാസങ്ങളിലെ വിരമിക്കൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി അധ്യാപകർക്ക് പോസ്റ്റിംഗ് നൽകുമെന്നാണ് ഉത്തരവായിരുന്നത്.

2. മാർച്ച് മാസത്തെ റിട്ടയർമെന്റ് മുഖേന ഏപ്രിൽ 1 മുതൽ ഉണ്ടായ ഒഴിവുകളിലേയ്ക്കും ഏപ്രിൽ മാസത്തെ റിട്ടയർമെന്റ് മുഖേന മെയ് 1 മുതൽ ഉണ്ടായ ഒഴിവുകളിലേക്കും യഥാക്രമം പരാമർശം (2), പരാമർശം (3) സർക്കാർ ഉത്തരവുകൾ പ്രകാരം പ്രിൻസിപ്പൽ നിയമനം നൽകി ഉത്തരവായിരുന്നു. മെയ് മാസത്തെ റിട്ടയർമെന്റ് മുഖേന ജൂൺ 1 മുതൽ ഉണ്ടാകുന്ന അഞ്ച് ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4)-ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെയ് മാസത്തെ റിട്ടയർമെൻറ് മുഖേന ജൂൺ 1 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതാണെന്ന് പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്ന ചുവടെ ചേർത്തിരിക്കുന്ന അഞ്ച് എച്ച്.എം./എ.ഇ.ഒ-മാരെ താഴെപറയും പ്രകാരം പ്രിൻസിപ്പൽ തസ്തികയിൽ, പൊതുസ്ഥലം മാറ്റത്തിന് വിധേയമായിരിക്കും എന്ന നിബന്ധനയിൽ, നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന സ്കൂൾ | വിഷയം | നിയമിക്കുന്ന സ്കൂൾ |
|---|---|---|---|
| 1 | JASITHA K<br>Govt. HSS, TRIKKULAM, MALAPPURAM | Hindi | 10136 - Govt. HSS,<br>IRINGALLUR, KOZHIKODE |
| 2 | KALA DEVI R S<br>GOVT.HSS, ANCHAL WEST, KOLLAM | Hindi | 02027 - MEENAKSHI VILASOM HSS,<br>PEROOR, KOLLAM |
| 3 | AJITHA MOHAN<br>GOVT.HS., KARIKKAKOM, TVPM | Hindi | 01001 - GOVT. MODEL BOYS HSS,<br>ATTINGAL |
| 4 | SALEENA A<br>GOVT.HS., AYIROOPARA, TVPM | Hindi | 05014 - GOVT. HSS,<br>PERUVA, KOTTAYAM |
| 5 | BIJU A S<br>GOVT.HS, KALADY, KARAMANA, TVPM | Hindi | 01029 - PNM GOVT. HSS,<br>KOONTHALLUR, CHIRAYINKEEZHU,<br>TRIVANDRUM |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ജെ ശാലിനി

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസ് റിലീസ്)

സ്റ്റോക്ക് ഫയൽ(സി3/152/2026/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 09-06-2026 17:39:06

സെക്ഷൻ ഓഫീസർ